# പള്ളികഥകൾ

## മിനികഥകൾ പത്തൊൻപത്

ജോയിക്കുട്ടി,

ജോസഫ് അച്ചൻ ഇപ്പോൾ പറയാൻ പോകുന്ന സംഭവത്തിന്റെ പല കാര്യങ്ങളിലും ഞാൻ ദൃക്സാക്ഷിയാണ്. സംഭവം നടക്കുന്ന സ്ഥലം കഥാപാത്രങ്ങൾ ഇതെല്ലാം എനിക്ക് ഏറെക്കുറെ സുപരിചിതങ്ങളാണ്. തന്മൂലം ഇത് സംഭവം സത്യമായും നേരിൽ നടന്നതാണെന്ന് പറയാതെ തന്നെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

# കയ്യസൂരി

പള്ളിയിൽ പോയ കൊച്ചുമോൻ കുബ്ബനയുടെ പകുതിയായപ്പോഴേ ഓടി അണച്ച് വീട്ടിൽ വന്നു. അവനെ ശരിക്കും അറിയാവുന്ന ശാന്തമ്മ, അവന്റെയമ്മയ്ക്കു മനസിലായി അവൻ ഏതോ കുരുത്തക്കേട് കാണിച്ചിട്ടുണ്ടെന്ന്.

കോച്ചു മോൻ അവരുടെ ഏക മകനാണ്. വളരെ മിടുക്കനാണ്. മിടുക്കനാണെന്നു പറഞ്ഞാൽ പോരാ മിടുക്ക് ഇത്തിരി കൂടിപോയിട്ടുണ്ടന്ന് എല്ലാവർക്കുമറിയാം. പഠിക്കാൻ വളരെ മിടുക്കനാണ്. കാണാൻ പരമ സുന്ദരൻ. പ്രായം പത്തു വയസ്. ഇപ്പോൾ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നു. ഇന്നാൽ അതിലും മുതിന്ന ക്ലാസുകളിൽ പഠിക്കുന്ന പല കുട്ടികൾക്കും അവൻ ഗ്രഹപാഠം ചെയ്തു കൊടുക്കും.

അവന്റെ അപ്പൻ തൊമ്മാച്ചൻ കൃഷിയും കച്ചവടവുമായി എപ്പോഴും തിരക്കിലാണ്. അയാൾ വളരെ കഠിനാദ്ധ്വാനിയാണ്. അമ്മ ശാന്തമ്മ, പേരു പൊലെ തന്നെ ആൾ ശാന്തശീല. വീട്ടുജോലികളും കാര്യങ്ങളുമായി അവർ കഴിയുന്നു. എല്ലാം കൊണ്ടും വളരെ ശാന്തമായ ഒരു ഗൃഹവും ഗൃഹാന്തരീക്ഷവും. സാമന്യം വലിയത് എന്നാൽ വലിയതെന്നു പറയാൻ പാടില്ലാത്ത ഒരു വീടും ചുറ്റുപാടുകളുമാണ്.

ദേവം കനിഞ്ഞനുഗ്രഹിച്ചു തന്ന മിടുക്കനായ, സുന്ദരനായ ഏക മകനിൽ അവർ രണ്ടുപേരും സംതൃപ്തരുമാണ്. മകന്റെ കുരുത്വക്കേടിൽ അവർ സന്തോഷിച്ചിട്ടുള്ളതല്ലാതെ അവനെ ഇതുവരെ അവർ യാതൊരു കാരണവശാലും വഴക്കു പറയുകയോ, ശിക്ഷിക്കുകയോ ചെയ്തിട്ടില്ലന്നത് സത്യം. അതുകൊണ്ട് അവൻ ദൈനംദിനം കൂടുതൽ കൂടുതൽ വഷളായി പോയോ എന്ന സംശയമില്ലാതില്ല. പക്ഷേ, അതിൽ അവർ മാതാപിതാക്കൾക്ക് യാതൊരു പരാതിയുമില്ല.

ആഴ്ചയിൽ ഒരു ദിവസം ആ വീട്ടിൽ കോഴി കറിവെയ്ക്കും. കോച്ചുമോനാണെങ്കിൽ കോഴിക്കറി ജീവന്റെ ജീവനാണ്. ആ വീടും അവൻ ഇപ്പോൾ പഠിക്കുന്ന പള്ളിക്കൂടവും തമ്മിൽ വലിയ ദൂരമൊന്നുമില്ല. വീട്ടിൽ കോഴി കറിവെയ്ക്കുന്ന ദിവസം അവനറിയാം. അന്ന് ഉച്ചയ്ക്കലത്തെ മദ്ധ്യാന ഇടവേളയ്ക്കു മുമ്പുള്ള പീരിയേഡ് സമയത്ത് അവൻ ടീച്ചറിനോട് അവന് കക്കൂസിൽ പോകണമെന്ന് പറയും. അവർ ഉടനെ അവനെ പറഞ്ഞു വിടും. അവൻ ഒറ്റ ഓട്ടത്തിന് വീട്ടിൽ എത്തി ചൂടോടെ കോഴിക്കറിയും കൂട്ടി ഭക്ഷണവും കഴിച്ച് മടങ്ങി പോയി സഹപാഠികളുടെ കൂടെ കളിച്ചിട്ട് തുടന്നുള്ള ക്ലാസിൽ ഇരുന്ന് മിടുക്കനായി പഠിച്ചുകൊള്ളും. ഇങ്ങിനെ ഓടി വന്നാലുടനെ കക്കൂസിൽ പോയി മൂത്ര വിസര്‍ജനം ചെയ്തിട്ടേ ബാക്കി എല്ലാ കാര്യങ്ങളും ചെയ്യുകയുള്ളു. പലആഴ്ചകളിൽ ഇത് പതിവായപ്പോൾ ടീച്ചക്ക് സംശയം. തന്മൂലം പിന്നീടവൻ പോയതിനു തൊട്ടു പിന്നാലെ അവർ ക്ലാസ് വേറെ ടീച്ചറെ ഏല്പിച്ചിട്ട് അവന്റെ വീട്ടിലേക്ക് പോയി. അവർ ശാന്തയുടെ ഒരു സുഹൃത്തും കൂടിയാണ്. അവർ അവിടെ ചെന്ന് അവനെ അന്വേഷിച്ചപ്പോൾ അവൻ കക്കൂസിലാണെന്നറിഞ്ഞു. അവൻ സത്യമാണല്ലോ പറഞ്ഞതെന്നോർത്ത് ടീച്ചർ വളരെ സന്തോഷിച്ചു. എന്നാൽ എല്ലാ ആഴ്ചയിലും ഈ ദിവസം ഇതേ സമയത്ത് അവൻ ഇതുപോലെ കക്കൂസിൽ പോകണമെന്ന് പറഞ്ഞ് പോരുന്നതെന്താണെന്നന്വേഷിച്ചപ്പോളാണ് സത്യം മനസ്സിലാകുന്നത്. പക്ഷേ ശാന്തമ്മ മകനെ കള്ളനാക്കാൻ കൂട്ടുനിന്നില്ല. ''അവൻ വന്നാലുടനെ കക്കൂസിൽ പോയി മൂത്രമൊഴിച്ച് കയ്യും കാലും കഴുകിയിട്ടേ ഭക്ഷണം കഴിക്കാറുള്ളു'' അപ്പോൾ സ്വന്തം മകൻ കള്ളം പറഞ്ഞില്ലല്ലോ. കൊച്ചുമോനും പറയാനുള്ളത് ''ഞാൻ മറ്റാൺകുട്ടികൾ ചെയ്യുന്നതുപോലെ വെളിയിൽ നിന്ന് പരസ്യമായി മൂത്ര വിസര്‍ജനം ചെയ്യാറില്ല. അങ്ങിനെ പരിശ്രമിച്ചാൽ എനിക്ക് അതസാദ്ധ്യവുമാണ്. പിന്നെ അതു കഴിഞ്ഞ് കയ്യും കാലും മുഖവും എല്ലാം കഴുകി കഴിഞ്ഞാൽ പിന്നെ ക്ലാസുവെരെ വന്നിട്ടു പോകാൻ സമയം തികയത്തുമില്ല. കൂടാതെ രണ്ടു പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും ഓടുകയും വേണമല്ലോ.'' അവന്റെ സാമർത്ഥ്യത്തിൽ ടീച്ചക്കും സന്തോഷമേ തോന്നിയുള്ളു. കാരണം അവൻ പഠിക്കാൻ ബഹു സമർത്ഥൻ കൂടിയാണല്ലൊ. എന്തായാലും അന്വേഷിച്ചു വന്നതു കാരണം അന്ന് ടീച്ചക്കും ഭക്ഷണം കഴിച്ചിട്ടേ മടങ്ങാൻ സാധിച്ചുള്ളു. അവർ പലപ്രാവശ്യം ആവർത്തിച്ചാവർത്തിച്ച് വേണ്ടായെന്നു പറഞ്ഞിട്ടും ശാന്തമ്മ അവക്ക് ഭക്ഷണം കൊടുത്തിട്ടു മാത്രമാണ് വിട്ടത്. കൂടാതെ എല്ലാ ദിവസവും ഉച്ചയ്ക്ക് നിബന്ധമായും അവിടെ വന്ന് ഭക്ഷണം കഴിച്ചിട്ടേ മടങ്ങാവൂ എന്ന് ശാന്തമ്മ പറഞ്ഞേല്പിക്കുകയും ചെയ്തു.

ആരാധനാ മദ്ധ്യേ പള്ളിയിൽ നിന്നും അവനെന്തിനാണ് ഓടിപിടിച്ച് വന്നതെന്തിനാണെന്നു ശാന്തമ്മ ചോദിച്ചപ്പോൾ അവൻ പറഞ്ഞ മറുപടി:

ഇന്ന് ഞാൻ പള്ളിയിൽ പോയി ഏറ്റവും ഒടുവിലത്തെ നിരയിലാണ് നിന്നത്.

അതെന്തിനാണ് നീ ഇന്നവിടെ നിൽക്കാൻ കാരണം.

ഇത്രയും പറയുന്ന അമ്മ ഇന്നെന്താണ് പള്ളിയിൽ പോകാത്തത്? അവനും ഒരു മറുചോദ്യം അങ്ങോട്ടു കൊടുത്തു. സാധാരണ എല്ലാ ആരാധന ദിവസവും പള്ളിയിൽ മുടങ്ങാതെ പോകുന്ന ഒരാളാണ് ശാന്തമ്മ.

അത്, പെണ്ണുങ്ങൾ വല്ലപ്പോഴും പള്ളിയിൽ പോകാതെ ഇരിക്കേണ്ടി വരും; അതെല്ലാം നീ പ്രായമാകുമ്പോൾ തനിയെ മനസ്സിലായിക്കൊള്ളും. ഇപ്പം നിന്നെ പറഞ്ഞു മനസ്സിലാക്കാൻ ഇത്തിരി പ്രയാസമാണ്.

ഞാൻ ഇന്ന് പുറകിൽ പോയ് നിക്കാൻ കാരണം: എപ്പം നോക്കിയാലും പള്ളിയിലെ ഏറ്റവും പുറകിൽ ഭിത്തിയേൽ ചാരി ഒത്തിരി ആൾക്കാർ നിക്കുന്നതു കണ്ടിട്ടുണ്ട്. അപ്പോൾ ഞാൻ വിചാരിച്ചു ഒരു ദിവസം പുറകിൽ പോയ് അവരു നിക്കണടത്തു നിന്ന് അതിന്റെ സുഖമറിയണമല്ലോയെന്ന്.

എന്നിട്ട് എന്തു പറ്റി നീ ഓടി വരാൻ കാരണം.

ഞാനവിടെ നിന്നപ്പോ നല്ല ഭംഗിയായി കണ്ടു, അച്ചൻ ശെമ്മാശ്ശന്റെ കയ്യിൽ കൈ നിറച്ച് ഏതാണ്ട് കൊടുത്തു വിടുന്നത്. അങ്ങിനെ പലരുടെ കൈ മറിഞ്ഞ് എന്റെയുടക്കൽ വന്നപ്പോൾ ഞാനും രണ്ടു കയ്യും നീട്ടി മുറുക്കെ പിടിച്ചു വാങ്ങി.

എന്നിട്ടെന്തു പറ്റി?

അതല്ലോ രസം; ഞാൻ എനിക്ക് കിട്ടിയത് ആക്കും കൊടുക്കാതെ വാങ്ങി പാത്തു പോയി കൈ നിവർത്ത് നോക്കിയപ്പോഴല്ല്യോ കാര്യം മനസ്സിലായത്. അതിനകത്ത് ഒന്നുമില്ലാരുന്നെന്ന്; ഇത് കളിപ്പീരു പരിപാടിയാണെന്ന് മനസ്സിലായി ഞാൻ അന്നേരമേ ഓടി ഇങ്ങുപോന്നു.